# കോടതിക്ക് കുറ്റക്കാരൻ, പക്ഷേ ഞാൻ ചെയ്തത് പൗരന്റെ കടമ

**പ്രശാന്ത് ഭൂഷൺ**




**ബഹുമാനപ്പെട്ട** സുപ്രീം കോടതിയുടെ വിധിപ്രഖ്യാപനം ഞാൻ വായിച്ചു. മൂന്ന് ദശാബ്ദത്തിലേറെയായി വ്യക്തിപരവും തൊഴിൽപരവുമായ പല നഷ്ടങ്ങളും സഹിച്ചുക്കൊണ്ട് ഞാൻ എപ്പോഴും ഈ കോടതിയുടെ മഹിമ ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുകയായിരുന്നു.

ഒരു മുഖസ്തുതിക്കാരനെയോ വാഴ്ത്തിപ്പാടലുകാരെനെയോ പോലെയല്ല, എളിമയുള്ള ഒരു കാവൽക്കാരനായി. പക്ഷെ ഇന്ന് ഇതേ കോടതി തന്നെ കോടതിയലക്ഷ്യം നടത്തിയെന്ന പേരിൽ എന്നെ കുറ്റക്കാരനായി വിധിക്കുമ്പോൾ അതെന്നെ വല്ലാതെ വേദനിപ്പിക്കുന്നുണ്ട്.

ഞാൻ ശിക്ഷിക്കപ്പെടും എന്നതിലല്ല ഇത്രയും ഭീകരമായി തെറ്റിധരിക്കപ്പെട്ടതിലാണ് എന്റെ വേദന. നീതിനിർവ്വഹണ സ്ഥാപനത്തിനെതിരെ 'വിദ്വേഷപരവും അപകീർത്തിപ്പെടുത്തുന്നതുമായ ആസൂത്രിത നീക്കം' ഞാൻ നടത്തിയെന്ന കോടതിയുടെ കണ്ടെത്തൽ എന്നെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചിരിക്കുകയാണ്. ഈ ആസൂത്രിത നീക്കം നടത്തുന്നതിന് പിന്നിലുള്ള എന്റെ ഉദ്ദേശം വെളിവാക്കുന്ന യാതൊരു തെളിവുകളുമില്ലാതെയാണ് കോടതി ഇങ്ങനെയൊരു തീരുമാനത്തിലെത്തിയെന്നത് എന്നെ സ്തബ്ധനാക്കി.

എനിക്കെതിരെ സ്വമേധയാ കേസെടുക്കുന്നതിന് കോടതി ആധാരമാക്കിയ പരാതിയുടെ പകർപ്പ് എനിക്ക് നൽകാനോ ഞാൻ സമർപ്പിച്ച മറുപടി സത്യവാങ്മൂലത്തിലും മറ്റു അപേക്ഷകളിലും ചൂണ്ടിക്കാണിച്ച വാദങ്ങൾക്കും വസ്തുതക്കൾക്കും മറുപടി പറയാനോ കോടതി തയ്യാറാകാതിരുന്നത് തികച്ചും നിരാശാജനകമാണ്.

ജുഡീഷ്യറിയുടെ മികച്ച പ്രവർത്തനത്തിന് പൊതുജന വിമർശനം ഏറെ ഗുണകരമാണ്. ഭരണഘടനയുടെ സംരക്ഷണത്തിനായി ഏതൊരു ജനാധിപത്യ വ്യവസ്ഥയിലും ഏത് സ്ഥാപനത്തിനെതിരെയും തുറന്ന വിമർശനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. സാധാരണ ധാർമിക ബാധ്യതകളേക്കാൾ ഉയർന്ന ആദർശങ്ങൾക്ക് പ്രാധാന്യം നൽകേണ്ട, വ്യക്തിപരവും തൊഴിൽപരവുമായ ആവശ്യങ്ങളേക്കാൾ ഭരണഘടനാ സംരക്ഷണത്തിന് വില കൽപ്പിക്കേണ്ട, ഇന്നിന്റെ വേവലാതികൾ ഭാവിയെക്കുറിച്ചുള്ള നമ്മുടെ ഉത്തരവാദിത്തതിന് ഒരിക്കലും തടസ്സമാകാത്ത വിധം പ്രവർത്തിക്കേണ്ട, ചരിത്രത്തിലെ ഒരു നിർണ്ണായക നിമിഷത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഒരു അഭിഭാഷകനെന്ന നിലയിൽ എന്നെ സംബന്ധിച്ചിടത്തോളം ഈ ഉത്തരവാദിത്തങ്ങൾ ഏറെ കൂടുതലാണ് താനും. ■


**കേരളീയം പുസ്തകശാലയുടെ പുതിയ പുസ്തകം**

ഹാരിസൺസ് മലയാളം ലിമിറ്റഡ് എന്ന വിദേശ കമ്പനിയുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ചെറുവിരലനക്കാൻ പോലും കഴിയാത്ത ഭരണ - രാഷ്ട്രീയ അപചയങ്ങളുടെ ചരിത്രത്തിലേക്ക് വഴിതുറക്കുന്ന ആദ്യ പുസ്തകം.

**ഹാരിസൺസ്: രേഖയില്ലാത്ത ജന്മി**

**ആർ. സുനിൽ**

**വില: 240 രൂപ. പേജ്: 260**

**കോപ്പികൾക്ക്: 9747062146, mailkeraleeyam@gmail.com**